പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2618 — 19-12-2012 - ൽ മറുപടിയ്ക്ക്

## കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുളങ്ങളും ചിറകളും സംരക്ഷിക്കുന്ന പദ്ധതിയിൽ പരിഗണിക്കുന്നതിനായി നാളിതുവരെ കോഴിക്കോട് ജില്ലയിൽ നിന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സമർപ്പിച്ചിട്ടുള്ള കുളങ്ങളുടെയും ചിറകളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതോടൊപ്പം തന്നെ കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (ബി) ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കായലുകളിലെയും തോടുകളിലെയും ലവണജലം ശുദ്ധീകരിക്കുന്ന 'റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ' സ്ഥാപിക്കാൻ നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) കൊയിലാണ്ടി മണ്ഡലത്തിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; (ഡി) ഉണ്ടെങ്കിൽ വിശദമാക്കാമോ; നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ; | (സി) & (ഡി) 'റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ്' സംബന്ധിച്ച നിവേദനം ലഭിച്ചിട്ടില്ല. |

(ഇ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽപെടുന്ന ഏതെല്ലാം കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് പരിഗണിച്ചിട്ടുണ്ട് എന്നത് വിശദമായി വ്യക്തമാക്കാമോ ?

(ഇ) വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെങ്ങോട്ടുകാവു പഞ്ചായത്തിലെ കാഞ്ഞിലാരി കുളത്തിന്റെ പ്രൊപ്പോസലും കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലെ ഇളയിടത്തു കുളത്തിന്റെ പ്രൊപ്പോസലും, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മുൻസിപ്പാലിറ്റിയിലെ കുപ്പം പുറം കുളത്തിന്റെ പ്രൊപ്പോസലും സർക്കാർ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ.**

## അനുബന്ധം

| | പദ്ധതിയുടെ പേര് | കുളങ്ങളുടെ പേര് | റിമാർക്ക്സ് |
|---|---|---|---|
| I | കുളങ്ങളുടെയും ടാങ്കുകളുടെയും നവീകരണം | 1. പുല്ലാനോളി കുളം<br>2. അന്തിക്കോട് കുളം<br>3. ഇളയിടത്തു കുളം<br>4. കാഞ്ഞിലാരി കുളം<br>5. ഇരിങ്ങാടൻപള്ളി കുളം<br>6. പുതുക്കുളങ്ങര കുളം | പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| II | ഒരു പഞ്ചായത്തിൽ ഒരു കുളം | 1. കുപ്പം പുറം കുളം<br>2. ചെമ്പോലിത്താഴെ കുണ്ടുകുളം<br>3. കുന്നിയിൽ കുളം<br>4. കൈത കുളം<br>5. പുറക്കാട്ടുകുളം<br>6. ഓലപ്പുഴ കുളം<br>7. നമ്പിമ്പക്കണ്ടി കുണ്ടു കുളം<br>8. അക്കി കുളം<br>9. ജാമിയാം പാറക്കുളം<br>10. കുടമേരി പാലേരിത്താഴെ കുളം<br>11. തലപ്പന നരസിംഹ ടെമ്പിൾ കുളം<br>12. പുതുക്കുളം | പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു. |
| III | 13-ാം ധനകാര്യ കമ്മീഷൻ (2011-13) | 1. നാനാം ചിറ കുളം<br>2. വെങ്ങലത്തു പോയിൽ കുളം<br>3. ഉണ്ണിക്കുളം<br>4. തേനാംചേരി കുളം<br>5. മീരൻകാട്ടുത്താഴെ കുളം.<br>6. പുനോരത്തുകണ്ടി ടാങ്ക്<br>7. പെരുവയിൽ കുളം<br>8. വാഴപ്പാടും കുളം<br>9. മുഴിക്കൽ കുളം<br>10. മേയത്തും കുണ്ടു കുളം<br>11. അമ്പൻവീടു കുളം | ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.